# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2683. 20.03.2015 -ലെ മറുപടിയ്ക്ക്

സർവ്വകലാശാല ബി.എഡ്. കോളേജുകൾ.

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എം. എ. ബേബി<br>,, വി. ശിവൻകുട്ടി<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>,, ബി. സത്യൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സർവ്വകലാശാലകൾ നേരിട്ട നടത്തുന്ന ബി.എഡ്. കോളേജുകളിൽ 2014-15 അദ്ധ്യയന വർഷത്തെ വിദ്യാർത്ഥി പ്രവേശന നടപടികൾ ഇതുവരെ ആരംഭിച്ചിട്ടില്ലാത്ത കോളേജുകളുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ ; | (എ) (ബി) & (സി) | കേരള സർവ്വകലാശാല നേരിട്ട നടത്തുന്ന 10 കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനുകളുടെയും അംഗീകാരം നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (എൻ.സി.ടി.ഇ.) പിൻവലിച്ചതിനാൽ 2014-15 അദ്ധ്യയന വർഷത്തിൽ പ്രസ്തുത സ്ഥാപനങ്ങളിൽ ബി.എഡ് കോഴ്സിന് വിദ്യാർത്ഥി പ്രവേശനം നടത്തിയിട്ടില്ല.<br><br>എൻ.സി.ടി.ഇ. യുടെ അംഗീകാരം പുനസ്ഥാപിച്ചാൽ മാത്രമേ പ്രസ്തുത സെന്ററുകൾ തുടർന്ന് പ്രവർത്തിപ്പിക്കുവാൻ കഴിയുകയുള്ളൂ. അംഗീകാരം പുനസ്ഥാപിക്കുന്നതിനായി കേരള സർവ്വകലാശാല, എൻ.സി.ടി.ഇ മുമ്പാകെ അപ്പീൽ സമർപ്പിച്ചെങ്കിലും അത് നിരസിക്കുകയുണ്ടായി. പ്രസ്തുത സെന്ററുകൾകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നത് ഉൾപ്പെടെയുള്ള എൻ.സി.ടി.ഇ യുടെ നിബന്ധനകൾ പാലിക്കുന്നില്ല എന്നതിനാലാണ് അവയുടെ അംഗീകാരം പിൻവലിച്ചത്. 20.03.2015 തീയതിയിലെ G.O. (MS)110/2015/H.Edn. നം ഉത്തരവ് പ്രകാരം സർവ്വകലാശാലയുടെ സ്വാശ്രയ ബി.എഡ്. സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന വരുമാനമുപയോഗിച്ച് 10 കേരള യൂണിവേഴ്സിറ്റി കോളേജ് |
| (ബി) | കുറഞ്ഞ ഫീസിൽ മികച്ച പഠന സൗകര്യം ലഭിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നുണ്ടോ ; ഇതിന് സർവ്വകലാശാലകളുടെ ഭാഗത്തുനിന്നും സഹായകരമായ നിലപാട് ഉണ്ടാകുന്നുണ്ടോ ; വിശദമാക്കുമോ ; | | |
| (സി) | കേരള സർവ്വകലാശാലയ്ക്ക് കീഴിലുള്ള 10 ബി.എഡ് കോളേജുകളുടെ പ്രവർത്തനം പ്രതിസന്ധിയിലാകാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ; ഈ കോളേജുകളിലെ അദ്ധ്യാപക നിയമനം സംബന്ധിച്ച് എൻ.സി.ടി.ഇ. യുടെ നിർദ്ദേശം എന്തായിരുന്നു. ; ഇക്കാര്യത്തിൽ സർവ്വകലാശാലയുടെ നിലപാട് വിലയിരുത്തിയിട്ടുണ്ടോ ; | | |

| | | | |
|---|---|---|---|
| | | | ഓഫ് ടീച്ചർ എഡ്യൂക്കേഷനുകളിലെ എല്ലാ അദ്ധ്യാപകർക്കും നിശ്ചിത സ്കെയിൽ ഓഫ് പേ നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അംഗീകാരം പുനസ്ഥാപിക്കുന്നതിന് സർവ്വകലാശാല ശ്രമം തുടരുന്നു. |
| (ഡി) | പ്രസ്തുത കോളേജുകളിലെ അദ്ധ്യാപകർ സ്ഥിരനിയമനം ലഭിക്കുന്നതിനായി നടത്തിയ പ്രക്ഷോഭത്തിന്റെ ഫലമായി സർക്കാരും സർവ്വകലാശാലയും അദ്ധ്യാപകർക്ക് നൽകിയ ഉറപ്പ് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ഡി) | 10 കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനുകൾ കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങൾ ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് സർക്കാരും സർവ്വകലാശാലയും ഉറപ്പുനൽകിക്കൊണ്ട് ഉത്തരവുകൾ ഇറക്കിയിട്ടില്ല. |

Anoop.M.R.

സെക്ഷൻ ഓഫീസർ